ഉത്തരം

(എ) ഉണ്ട്.

(ബി) 9 (ഒമ്പത്) പേർക്ക്.

(സി) ലിസ്റ്റ് 16-7-1998-ന് നിലവിൽവന്നു. പ്രസ്തുത ലിസ്റ്റിന് 15-7-2001 വരെ കാലാവധിയുണ്ട്.

(ഡി) പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

15 (2315) എച്ച്.എസ്.എ. മാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം എച്ച്. എസ്.എ, (സോഷ്യൽ സ്റ്റഡീസ്) തസ്തികയിലേക്ക് പി.എസ്.സി. നിയമത്തിനുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു;

(സി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്;

(ഡി) പുതിയ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) ഇവയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8 (എട്ട്) പേരെ.

(സി) 6-10-2001-ൽ.

(ഡി) പുതിയ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

16 (2316) പ്രസിദ്ധീകരിക്കപ്പെടാത്ത റാങ്ക് ലിസ്റ്റ്

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകൾ നടത്തി മൂന്ന് വർഷം കഴിഞ്ഞിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതായി എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) അവ ഏതെല്ലാം;

(സി) അവയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള കാലതാമസമെന്താണ്;

(ഡി) അവ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly